"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കൃഷി വകുപ്പ് - ജീവനക്കാര്യം - കൃഷി അസിസ്റ്റന്റ് ശ്രീ. പ്രതാപ് കുമാർ. എസ് - ന് പ്രത്യേക അവശതാവധി അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (ഇ എ) വകുപ്പ്**

സ.ഉ.(സാധാ) നം.823/2025/AGRI തീയതി,തിരുവനന്തപുരം, 14-08-2025

---

പരാമർശം:- 1. സ.ഉ.(പി) നം. 112/2017/ഫിൻ തീയതി 24/08/2017

കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ

2. 5.2.2025 ,25.7.2025 തീയതികളിലെ ADFW/10245/2024-SE1 നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ ഒറ്റപ്പാലം കൃഷി ഭവനിൽ സേവനമനുഷ്ഠിക്കുന്ന കൃഷി അസിസ്റ്റന്റ് ഗ്രേഡ് II ശ്രീ. പ്രതാപ് കുമാർ. എസ്. ന് ജോലി കഴിഞ്ഞു പോകും വഴി 22/02/2024 വൈകുന്നേരം മലമ്പുഴ വെച്ച് ഉണ്ടായ വാഹനാപകടത്തെ തുടർന്ന് പരിക്ക് പറ്റിയതിനാൽ 23/02/2024 മുതൽ 22/05/2024 വരെ 90 ദിവസത്തേക്ക് പ്രത്യേക അവശതാവധി അനുവദിക്കുന്നതിനായി ടിയാൻ സമർപ്പിച്ച അപേക്ഷ ശുപാർശ ചെയ്ത് അനുബന്ധ രേഖകൾ സഹിതം കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ പരാമർശം (2) കത്ത് പ്രകാരം സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ഒറ്റപ്പാലം കൃഷിഭവനിലെ കൃഷി അസിസ്റ്റൻറ് ഗ്രേഡ് II, ശ്രീ. പ്രതാപ് കുമാർ. എസ് -ന് ഡ്യൂട്ടി സമയത്താണ് അപകടം നടന്നതെന്നുള്ള ഒറ്റപ്പാലം കൃഷി ആഫീസറുടെ സാക്ഷ്യപത്രം, മെഡിക്കൽ സർട്ടിഫിക്കറ്റ്, ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ്, അവധി അപേക്ഷ എന്നിവയുടെ അടിസ്ഥാനത്തിൽ പരാമർശം (1) ലെ ഉത്തരവ് പ്രകാരം 23/02/2024 മുതൽ 22/05/2024 **വരെ** കെ.എസ്.ആർ, ഭാഗം I, ചട്ടം 98 പ്രകാരമുള്ള പ്രത്യേക അവശതാവധി അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സെലീന.എ
ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് , തിരുവനന്തപുരം,

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള , തിരുവനന്തപുരം.
ശ്രീ. പ്രതാപ് കുമാർ. എസ്., കൃഷി അസിസ്റ്റന്റ് (ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മുഖേന)
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ്
കരുതൽ സഞ്ചയം / ഓഫീസ് കോപ്പി **(AGRI-EA2/47/2025-AGRI)**

ഉത്തരവിൻ പ്രകാരം
Signed by
Aswathi S Poonkavanam
Date: 14-08-2025 14:18:26
സെക്ഷൻ ഓഫീസർ